ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.01.2025**

## പ്രധാനവാർത്തകൾ

1) ആഗോള നന്മയ്ക്കായി പ്രവർത്തിക്കുന്ന സുപ്രധാന ശക്തിയായി ഇന്ത്യൻ യുവത മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എൻ.സി.സി വാർഷിക പി.എം റാലിയെ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്തു.
2) സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ നടത്തിവന്ന അനിശ്ചിതകാല കടയടപ്പ് സമരം പിൻവലിച്ചു. മന്ത്രി ജി ആർ അനിലിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് തീരുമാനം.
3) വയനാട്ടിലെ ആറ് വനം റെയ്ഞ്ചുകളിൽ ഡ്രോൺ ഉപയോഗിച്ച് ജനകീയ പരിശോധന നടത്തുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ.
4) സംസ്ഥാനത്ത് പുതുക്കിയ മദ്യവില ഇന്ന് മുതൽ പ്രാബല്യത്തിൽ.
5) 38-ാമത് ദേശീയ ഗെയിംസിന് നാളെ ഉത്തരാഖണ്ഡിൽ തുടക്കം. ഐ സി സി യുടെ 2024 ലെ മികച്ച ടെസ്റ്റ് ക്രിക്കറ്റ് താരമായി ജസ്പ്രീത് ബുംറ.

&&&&&&&&&&&&&&&&&&

**എൻ.സി.സി ഇൻട്രോ**

RNU TVPM

രാഷ്ട്രവികസനത്തിൻറെ പ്രാധാന്യം പകർന്നു നൽകി യുവജനങ്ങളെ ശാക്തീകരിക്കുന്ന വേദിയാണ് എൻ.സി.സി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആഗോള നന്മയ്ക്കായി പ്രവർത്തിക്കുന്ന സുപ്രധാന ശക്തിയായി ഇന്ത്യൻ യുവത മാറിയെന്നും ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ എൻ.സി.സി വാർഷിക പി.എം റാലിയെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. യുവജനങ്ങൾക്ക് മുന്നിലുണ്ടായിരുന്ന നിരവധി പ്രതിസന്ധികൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞ 10 വർഷത്തിനിടെ സാധിച്ചു. ഇത് നിരവധി സാധ്യതകൾ തുറന്നു നൽകിയതായും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ഒരു മാസം നീണ്ട എൻസിസി റിപ്പബ്ലിക് ഡേ ക്യാമ്പിന് സമാപനം കുറിച്ചുകൊണ്ടാണ് 'യുവ ശക്തി, വികസിത ഭാരതം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി റാലി നടന്നത്. 800-ലധികം കേഡറ്റുകൾപങ്കെടുക്കുന്ന സാംസ്കാരിക പരിപാടിയും ഇതോടനുബന്ധിച്ച് അരങ്ങേറി.

PNU TVPM

&&&&&&&&&&&&&&&&&&

**സമരം പിൻവലിച്ചു. ഇൻട്രോ**

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ നടത്തിവന്ന അനിശ്ചിതകാല കടയടപ്പ് സമരം

പിൻവലിച്ചു. മന്ത്രി ജി ആർ അനിൽ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. റേഷൻ വ്യാപാരികളുടെ കമ്മീഷൻ അതത് മാസം 15 ആം തീയതിക്കുള്ളിൽ നൽകുക , കമ്മീഷൻ പരിഷ്കരണം നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കാമെന്ന ഉറപ്പ് ചർച്ചയിൽ നൽകിയതായി മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കമ്മീഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ച മാർച്ചിൽ ആരംഭിച്ച് എത്രയും വേഗം പൂർത്തിയാക്കും.

പരമാവധി റേഷൻ കടകൾ ഇന്ന് തന്നെ തുറക്കുമെന്നും, നാളെ മുതൽ എല്ലാ റേഷൻ കടകളും സാധാരണനിലയിൽ പ്രവർത്തിക്കുമെന്നും ശ്രീ ജി.ആർ അനിൽ അറിയിച്ചു.

(ഹോൾഡ്)

RNUTVPM

&&&&&&&&&&&&&&&&&&

**വയനാട് കടുവ**

വയനാട് പഞ്ചാരക്കൊല്ലിയിൽ ചത്ത നിലയിൽ കണ്ടെത്തിയ നരഭോജി കടുവയുടെ പോസ്റ്റ്മോർട്ടം ഇന്ന് നടന്നു. കടുവയുടെ ആമാശയത്തിൽ നിന്ന് വസ്ത്രത്തിന്റെയും മുടിയുടെയും ഭാഗങ്ങൾ, കമ്മലുകൾ എന്നിവ കണ്ടെത്തി. മറ്റൊരു

കടുവയുമായുണ്ടായ സംഘട്ടനത്തിൽ കഴുത്തിലേറ്റ നാല് മുറിവുകളാണ് മരണകാരണം. വനംവകുപ്പിൻറെ

ഡാറ്റാ ബേസിലില്ലാത്ത കടുവ ആയതിനാൽ

അയൽ സംസ്ഥാനങ്ങളോട് ഡാറ്റ ആവശ്യപെട്ടതായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ അറിയിച്ചു. ആറ് വയസുള്ള പെൺകടുവയാണിത്. പഞ്ചാരക്കൊല്ലിയിൽ ആദിവാസി സ്ത്രീയെ കൊലപ്പെടുത്തിയ നരഭോജി കടുവയെ കണ്ടെത്താൻ വനംവകുപ്പ് പരിശോധന തുടരുന്നതിനിടെയാണ് കടുവയെ ചത്ത നിലയിൽ കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&

**മന്ത്രി എ.കെ. ശശീന്ദ്രൻ**

RNU TVPM

വയനാട്ടിലെ മൂന്ന് വനം ഡിവിഷനുകളിലെ ആറ് റെയ്ഞ്ചുകളിലും ഡ്രോൺ ഉപയോഗിച്ച് വ്യാഴാഴ്ച വരെ ജനകീയ പരിശോധന നടത്തുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ. പരിശോധനയ്ക്ക് ആവശ്യമെങ്കിൽ പോലീസ് സേനയുടെ സഹായം സ്വീകരിക്കുമെന്നും ഡി.എഫ്.ഒ ഓഫീസിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. വനത്തിനുള്ളിലെ അടിക്കാടുകൾ നീക്കം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളും . വനാതിർത്തിക്കു പുറത്തുള്ള കാടുകൾ നീക്കം ചെയ്യാൻ തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങൾക്ക് സഹായം നല്കുമെന്നും മന്ത്രി അറിയിച്ചു .

&&&&&&&&&&&&&&&&&&

## മദ്യവില വർധിച്ചു.

സംസ്ഥാനത്ത് പുതുക്കിയ മദ്യവില ഇന്ന് മുതൽ പ്രാബല്യത്തിൽ. മദ്യ നിർമ്മാണ കമ്പനികളുടെ ആവശ്യം പരിഗണിച്ചാണ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിനും ബിയറിനും വൈനിനും വില വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. പുതുക്കിയ വില വിവരപ്പട്ടിക ബെവ്കോ പുറത്തിറക്കി. വിവിധ ബ്രാന്റുകൾക്ക് പത്ത് രൂപ മുതൽ 50 രൂപ വരെയാണ് വർദ്ധിക്കുന്നത്. സംസ്ഥാനത്ത് 15 മാസത്തിന് ശേഷമാണ് മദ്യവിലയിൽ വർദ്ധന. 62 കമ്പനികൾ പുറത്തിറക്കുന്ന 341 ബ്രാൻഡുകളുടെ വിലയാണ് വർദ്ധിപ്പിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഡെറാഡൂൺ-നാഷണൽ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസിന് നാളെ ഉത്തരാഖണ്ഡിൽ തുടക്കമാകും. ഡെറാഡൂണിലെ മഹാറാണ പ്രതാപ് സ്റ്റേഡിയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗെയിംസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ 8 ജില്ലകളിലെ 11

നഗരങ്ങളിലായി ഫെബ്രുവരി 14 വരെയാണ് മത്സരങ്ങൾ. 35 ഇനങ്ങളിലായി പതിനായിരത്തോളം പ്രതിഭകൾ ദേശീയ ഗെയിംസിൽ മാറ്റുരയ്ക്കും. കേന്ദ്രമന്ത്രിമാരും, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും, കായിക താരങ്ങളുമടക്കം ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ ഡെറാഡൂണിൽ എത്തിക്കൊണ്ടിരിക്കുകയാണ് . കേരളത്തിൽ നിന്നും 451 കായിക താരങ്ങളാണ് 29 ഇനങ്ങളിലായി ഗെയിംസിൽ മാറ്റുരയ്ക്കുന്നത്.

&&&&&&&&&&&&&&&&&&

RNU TVPM

## പ്രിയങ്ക ഗാന്ധി

ഹജ്ജിനു പോകുന്നവർക്ക് കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഉയർന്ന നിരക്ക് ഈടാക്കുന്നത് കുറയ്ക്കുകയോ എംബാർക്കേഷൻ പോയിന്റ് മാറ്റാൻ അനുവദിക്കുകയോ വേണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രി കിരൺ റിജിജുവിന് കത്ത് നൽകി വയനാട് എം.പി പ്രിയങ്ക ഗാന്ധി . ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് നിന്ന് പോകുന്ന തീർത്ഥാടകർ എം പി ക്ക് നിവേദനം നൽകിയിരുന്നു .

&&&&&&&&&&&&&&&&&&

## ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്

പോലീസ് സേനാ അംഗങ്ങൾ പൊതുജനങ്ങളോടുള്ള ഇടപെടലിൽ മാന്യതയും സത്യസന്ധതയും പുലർത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്. കേരള പോലീസിൽ പുതുതായി നിയമനം ലഭിച്ച 1806 പോലീസ് കോൺസ്റ്റബിൾമാരുടെയും ഹവിൽദാർമാരുടെയും ആദ്യ ബാച്ചിൻറെ പരിശീലനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## ലളിതസംഗീത ശില്പശാല

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നീറമൺകര എൻ.എസ്.എസ് വനിതാ കോളേജിൽ നാളെ ഗീതം സുഗേയം- ലളിതസംഗീത ശില്പശാല സംഘടിപ്പിക്കുന്നു. ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി. ശിവകുമാർ ശിൽപശാല ഉദ്ഘാടനം ചെയ്യും. നീറമൺകര എൻ.എസ്.എസ് പ്രിൻസിപ്പൽ ഡോ.എസ് ദേവിക ചടങ്ങിന് അധ്യക്ഷത വഹിക്കും. ഗായിക കെ ആർ ശ്യാമ , സംഗീത സംവിധായകൻ കെ പി എ സി ചന്ദ്രശേഖരൻ എന്നിവർ സെഷനുകൾ നയിക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## തിരൂർ തുഞ്ചൻ സ്മാരക ട്രസ്റ്റ്

തിരൂർ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ ചെയർമാനായി കഥാകൃത്ത് വൈശാഖനെ തിരഞ്ഞെടുത്തു. തുഞ്ചൻപറമ്പിൽ ചേർന്ന ട്രസ്റ്റ് യോഗത്തിലാണ് തീരുമാനം. എം ടി വാസുദേവൻ നായർ ആയിരുന്നു കഴിഞ്ഞ 32 വർഷമായി ട്രസ്റ്റ് ചെയർമാൻ.

&&&&&&&&&&&&&&&&&&

## ജില്ലാ ഉപഭോക്തൃ കമ്മീഷൻ

പാർലെ ബിസ്ക്കറ്റ് പാക്കറ്റിൽ പുറത്ത് രേഖപ്പെടുത്തിയതിലും കുറവ് ബിസ്കറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന പരാതിയിൽ 15,000 രൂപ നഷ്ടപരിഹാരം നൽകാൻ പാർലെ, അങ്കിത് ബിസ്കറ്റ് കമ്പനികൾക്ക് മലപ്പുറം ജില്ലാ ഉപഭോക്തൃ കമ്മീഷൻ നിർദേശം നൽകി. ആറു ചെറിയ പാക്കറ്റുകൾക്ക് പകരം നാല് എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന പരാതിയുമായി കാളികാവ് അരിമണൽ സ്വദേശി മെർലിൻ ജോസാണ് കമ്മീഷനെ സമീപിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## ജസ്പ്രീത് ബുംറ

ഐ സി സി യുടെ 2024 ലെ ടെസ്റ്റ് ക്രിക്കറ്റർ ഓഫ് ദി ഇയറായി ഇന്ത്യൻ താരം ജസ്പ്രീത് ബുംറ

തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞവർഷം കളിച്ച 13 മത്സരങ്ങളിൽ നിന്ന് 71 വിക്കറ്റുകളാണ് താരം നേടിയത്. ബംഗ്ലാദേശ്, ഇംഗ്ലണ്ട് ടീമുകൾക്കെതിരായ പരമ്പരകൾ നേടുന്നതിൽ ബുംറയുടെ പ്രകടനം നിർണായകമായിരുന്നുവെന്ന് ഐ സി സി വിലയിരുത്തി. ഒരു കലണ്ടർ വർഷം 70 ന് മുകളിൽ വിക്കറ്റുകൾ നേടുന്ന നാലാമത്തെ ഇന്ത്യൻ താരമാണ് ബുംറ. കപിൽദേവ്, അനിൽ കുംബ്ലെ, ആർ അശ്വിൻ എന്നിവരാണ് മുൻപ് ഈ നേട്ടത്തിലെത്തിയ ഇന്ത്യൻ താരങ്ങൾ.

&&&&&&&&&&&&&&&&&&

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയിൻറ്, ബംഗളുരു എഫ് സി യെ നേരിടും. രാത്രി 7 .30 ന്

കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**കാലാവസ്ഥ**

കേരളം ഉൾപ്പെടെയുള്ള തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ഇന്നത്തോടെ തുലാവർഷം പൂർണമായും പിൻവാങ്ങിയതായി കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ

RNU TVPM

കേന്ദ്രം. സംസ്ഥാനത്ത് ഈ മാസം 31ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. സംസ്ഥാനത്ത് ഇന്ന് താപനില സാധാരണയേക്കാൾ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകിയിരുന്നു. പകൽ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ കൂടുതൽ സമയം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നാണ് നിർദ്ദേശം. ജനങ്ങൾ ദാഹമില്ലെങ്കിലും, പരമാവധി ശുദ്ധജലം കുടിക്കണം.

&&&&&&&&&&&&&&&&&&

**സിപിഎം**

സിപിഐഎം എറണാകുളം ജില്ലാ സെക്രട്ടറിയായി സി.എൻ മോഹനൻ തുടരും. കൊച്ചിയിൽ നടന്ന ജില്ലാ സമ്മേളനത്തിൽ ഏകകണ്ഠമായാണ ് തീരുമാനം.

&&&&&&&&&&&&&&&&&&

**കെ.സുരേന്ദ്രൻ**

ജില്ലാ പ്രസിഡൻറുമാരെ പ്രഖ്യാപിച്ച് ബിജെപി. നാല് വനിതകൾ ഉൾപ്പെടെ 27 ജില്ലാ പ്രസിഡൻറുമാരെയാണ് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&&

RNU TVPM

**പുലി ആക്രമണം**

വയനാട് മുട്ടിൽ മലയിൽ പുലിയുടെ ആക്രമണത്തിൽ ഇന്ന് യുവാവിന് പരിക്കേറ്റു. റാട്ടക്കൊല്ലി എസ്റ്റേറ്റ് തൊഴിലാളിയായ പിണങ്ങോട് സ്വദേശി വിനീതിനെ ചെറിയ പരിക്കുകളോടെ കൈനാട്ടി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM